പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4287

17.05.2017-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | കരുനാഗപ്പള്ളി നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പോലീസ്, ഹോം ഗാർഡ്, ട്രാഫിക് വാർഡന്മാർ എന്നിവരെ നാഷണൽ ഹൈവേയിലെ ജംഗ്ഷനുകളിൽ പോസ്റ്റ് ചെയ്ത് ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തിയും മൊബൈൽ പട്രോളിംഗ് മുഖേന ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. |
| (ബി) | ഇവിടെ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിയ്ക്കുന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്ത് കൂടുതൽ ട്രാഫിക് സബ് ഡിവിഷനുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിൽ കരുനാഗപ്പള്ളിയും ഉൾപ്പെടുന്നുണ്ട്. |
| (സി) | ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി നിർമ്മിച്ച കെട്ടിടം നിലവിൽ എന്ത് ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (സി) | കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ